"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- മുൻ കോഴിക്കോട് വികസന അതോറിറ്റി ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം ബാധകമാക്കിക്കൊണ്ടുള്ള ഉത്തരവ് ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ(ഐ. എ)വകുപ്പ്

സ.ഉ.(കൈ) നം.161/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 02/08/2021

---

പരാമർശം:-
1. 21.02.2019-ലെ സ.ഉ.(എം.എസ്) നം.26/2019/തസ്വഭവ
2. 18.03.2019-ലെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറിയുടെ സി19/16193/19/കെ. എം. സി നമ്പർ കത്ത്.
3. 17.05.2021ലെ സ.ഉ.(അച്ചടി) നം.21/2021/തസ്വഭവ

**ഉത്തരവ്**

മുൻ കോഴിക്കോട് വികസന അതോറിറ്റി ജീവനക്കാർക്ക് 10-ാം ശമ്പള പരിഷ്കരണ ആനുകൂല്യം ബാധകമാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ജീവനക്കാർ സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് കോർപ്പറേഷനിലെ അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി സർക്കാരിന് പരാമർശം (2)-ലെ കത്ത് പ്രകാരം നിർദ്ദേശം സമർപ്പിച്ചിരുന്നു. തുടർന്ന് പരാമർശം (3) പ്രകാരം 01.07.2014 പ്രാബല്യത്തിൽ സെക്ഷൻ ഓഫീസർ (ഹയർഗ്രേഡ്) തസ്തിക നിലനിർത്തിക്കൊണ്ട് നിർത്തലാക്കപ്പെട്ട കോഴിക്കോട് വികസന അതോറിറ്റിയിലെ സ്റ്റാഫ് സ്ട്രെങ്ത് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

2) പരാമർശം 3 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉൾപ്പെടുത്തിയ സെക്ഷൻ ഓഫീസർ ഹയർഗ്രേഡ് തസ്തികയ്ക്ക് 39500-83000 ശമ്പള സ്കെയിൽ അനുവദിച്ച് 10-ാം ശമ്പള പരിഷ്കരണ ആനുകൂല്യം ബാധകമാക്കി, പരാമർശം (1)-ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ. എസ്. എ)/ജി & എസ്. എസ്. എ), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്. സി) വകുപ്പ്.

ധനകാര്യ വകുപ്പ് (UO No. PRC-C1/36/2014/FIN dtd 16.11.2020)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-07-2021

ഫയൽ നം. തസ്വഭവ-ഐഎ4/141/2019-തസ്വഭവ. ഇനം നം: 151

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - മുൻ കോഴിക്കോട് വികസന അതോറിറ്റി ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം ബാധകമാക്കിക്കൊണ്ടുള്ള 21/02/2019-ലെ സ.ഉ.(എം.എസ്.) നം.26/2019/തസ്വഭവ. ഉത്തരവ് ഭേദഗതി ചെയ്യുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്.

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | തസ്വഭവ-ഐഎ 4/141/2019-തസ്വഭവ |
| 2 | വകുപ്പ് | : | തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്. |
| 3 | വിഷയം | : | മുൻ കോഴിക്കോട് വികസന അതോറിറ്റി ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം ബാധകമാക്കിക്കൊണ്ടുള്ള 21/02/2019 ലെ സ.ഉ.(എം.എസ്) നം.26/2019/തസ്വഭവ ഉത്തരവ് ഭേദഗതി ചെയ്യുന്നത് -സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 29/06/2021 |
| 5(i) | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| (ii) | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7 | കരട് കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ലീന എൻ.പി. |
| 8 | കരട് കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദ മുരളീധരൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15/07/2021 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി .പി .ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26/07/2021 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ .എം .വി .ഗോവിന്ദൻ മാസ്റ്റർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 26/07/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 27/07/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും. | : | |

# മന്ത്രിസഭയോഗത്തിനുള്ള കുറിപ്പ്

മുൻ കോഴിക്കോട് വികസന അതോറിറ്റി ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം ബാധകമാക്കിക്കൊണ്ടുള്ള 21/02/2019 ലെ സ.ഉ.(എം.എസ്) നം.26/2019/തസ്വഭവ ഉത്തരവ് ഭേദഗതി ചെയ്യുന്നതാണ് ഈ കുറിപ്പിലെ വിഷയം .

2) മുൻ കോഴിക്കോട് വികസന അതോറിറ്റി ജീവനക്കാർക്ക് 10-ാം ശമ്പള പരിഷ്കരണ ആനുകൂല്യം ബാധകമാക്കിക്കൊണ്ട് 21.02.2019-ലെ സ.ഉ.(എം.എസ്) നം.26/2019/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് സെക്ഷൻ ഓഫീസർ തസ്തികയ്ക്ക് അനുവദിച്ച ശമ്പള സ്കെയിൽ 35700-75600-ൽ നിന്നും 36600-79200 ആയി ഉയർത്തണമെന്നും സെക്ഷൻ ഓഫീസർ ഹയർ ഗ്രേഡ് തസ്തിക പുന:സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. ഷാജി തോമസ്, ശ്രീ. സോമശേഖരൻ പി., ശ്രീ. അശോകൻ കെ.ഡി. എന്നിവർ സർക്കാരിന് അപേക്ഷ സമർപ്പിച്ചു.

3) മേൽ അപേക്ഷയിലെ ആവശ്യത്തിന്മേൽ അഭിപ്രായം അറിയിക്കുന്നതിനായി ഫയൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ ആ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം അറിയിച്ചു :

*" കാലാകാലങ്ങളിൽ ഓരോ ശമ്പള പരിഷ്കരണ കമ്മീഷനുകളും, വിശദമായ പരിശോധനകളും, പഠനങ്ങളും മറ്റും നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ശമ്പള പരിഷ്കരണങ്ങൾ അനുവദിച്ച് നല്കാറുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പള പരിഷ്കരണ ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ വിശദമായ പരിശോധനകൾ നടത്തി Functional requirements, Administrative necessity, Financial position തുടങ്ങിയ വിവിധ ഘടകങ്ങൾ വിലയിരുത്തിയാണ് വിവിധ തസ്തികകൾക്ക് ശമ്പള സ്കെയിലുകൾ അനുവദിച്ച് നല്കുന്നത്. ജോലിയുടെ സ്വഭാവം, ഉത്തരവാദിത്വം, ജോലി ഭാരം തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ വികസന അതോറിറ്റികളിലെ തസ്തികകൾ സർക്കാർ സർവ്വീസിലെ സമാന തസ്തികകളുമായി താരതമ്യം ചെയ്യാനാവില്ല. പൊതു ശമ്പള*

പരിഷ്കരണ ഉത്തരവുകളുടെ Annexure 1 പ്രകാരമുള്ള ആനുപാതിക സ്കെയിൽ അനുവദിച്ചിട്ടുള്ളതിനാൽ മേൽ തസ്തികയുടെ ശമ്പള സ്കെയിലിൽ അപാകതകളില്ല.

പ്രസ്തുത സാഹചര്യത്തിൽ നിർത്തലാക്കപ്പെട്ട കോഴിക്കോട് വികസന അതോറിറ്റിയിലെ സെക്ഷൻ ഓഫീസർ തസ്തികയുടെ ശമ്പള സ്കെയിൽ 35700-75600 -ൽ നിന്നും 19240-34500 എന്ന പ്രീറിവൈസ്ഡ് സ്കെയിലിന്റെ പരിഷ്കരിച്ച സ്കെയിൽ ആയ 36600-79200 ആക്കി ഉയർത്തണമെന്ന ആവശ്യം പരിഗണനാർഹമല്ലെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു".

4) എന്നാൽ സെക്ഷൻ ഓഫീസർ ഹയർഗ്രേഡ് തസ്തിക പുന:സ്ഥാപിക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം ലഭ്യമാക്കി:

"സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) തസ്തിക ഉൾപ്പെടുത്തിക്കൊണ്ട് മുൻ കോഴിക്കോട് വികസന അതോറിറ്റിയുടെ സ്റ്റാഫ് സ്ട്രെങ്ത് പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം മുൻ കോഴിക്കോട് വികസന അതോറിറ്റിയിലെ സെക്ഷൻ ഓഫീസർ ഹയർ ഗ്രേഡ് തസ്തികയ്ക്ക് 10-ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും ആയതിൻ പ്രകാരം 21/02/2019 -ലെ സ.ഉ.(എം.എസ്) നം.26/2019/തസ്വഭവ ഉത്തരവ് ഭേദഗതി ചെയ്യുന്നതിനും അനുമതി നല്കുന്നു".

5) തുടർന്ന് ധനകാര്യ വകുപ്പ് അനുമതി നൽകിയ പ്രകാരം സെക്ഷൻ ഓഫീസർ (ഹയർഗ്രേഡ്) തസ്തിക ഉൾപ്പെടുത്തി മുൻ കോഴിക്കോട് വികസന അതോറിറ്റിയുടെ സ്റ്റാഫ് സ്ട്രെങ്ത് പരിഷ്കരിച്ചുകൊണ്ട് 17.05.2021 ലെ സ.ഉ.(അച്ചടി) നം.21/2021/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

6) ഇതിനിടെ, നിർത്തലാക്കിയ കോഴിക്കോട് വികസന അതോറിറ്റിയിൽ നിന്നും സെക്ഷൻ ഓഫീസറായി വിരമിച്ച ശ്രീ. അച്ചൻകുഞ്ഞ് ഫയൽ ചെയ്ത OA(Ekm)No.1213/2020 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

*" .......the I st respondent to consider and pass appropriate orders on Annexure 13 representation in accordance with law and in the light of the orders issued in the case of similarly placed persons within a period of 3 months from the date of receipt of a copy of this order."*

7) സി.ഡി.എ.യുടെ സ്റ്റാഫ് സ്ട്രെങ്ങ്ത് പരിഷ്കരിക്കണമെന്നും ശമ്പള പരിഷ്കരണ ഉത്തരവിലെ അപാകത പരിഹരിക്കണമെന്നുമാണ് Annexure 13 അപേക്ഷയിലെ ആവശ്യം. Annexure 13 മേൽ അഭിപ്രായത്തിനായി ഫയൽ ധനകാര്യ വകുപ്പിന് അയച്ചു. ആ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു :

*"Administrative Department is requested to issue necessary Government Orders revising the staff strength as on 01.07.2014 by including the post of Section Officer(HG) and also modifying the 10th pay revision order as per the orders in file No. IA4/141/2019/LSGD, by obtaining the concurrence of Election Commission as the fixation of pensionary benefits of the applicant in the post of Section Officer(HG) as per 10th Pay Revision Order can be done only after extending the benefit of 10th pay revision to the post of Section Officer (H.G) in the erstwhile CDA. It is also informed that the scale of pay admissible to the post of Section Officer(HG) of the defunct CDA in the 10th pay revision is 39500-83000.*

8) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മേൽ ഉത്തരവ് നടപ്പിലാക്കുവാൻ 18.01.2021 മുതൽ 3 മാസത്തേയ്ക്ക് സമയപരിധി നീട്ടിത്തരണമെന്ന് അപേക്ഷിച്ചുകൊണ്ട് സർക്കാർ സമർപ്പിച്ച ടൈം എക്സ്റ്റൻഷൻ പെറ്റീഷൻ പരിഗണിച്ച ട്രൈബ്യൂണൽ, ഉത്തരവ് നടപ്പിലാക്കാൻ ഇനി സമയപരിധി നീട്ടിത്തരില്ലെന്ന ഉപാധിയോടെ സമയപരിധി നീട്ടാനുള്ള സർക്കാരിന്റെ അഭ്യർത്ഥന അനുവദിച്ചു.

9) തുടർന്ന്, ധനകാര്യ വകുപ്പ് അനുമതി നൽകിയ പ്രകാരം മുൻ കോഴിക്കോട് വികസന അതോറിറ്റിയുടെ സ്റ്റാഫ് സ്ട്രെങ്ങ്ത് പരിഷ്കരിച്ചുകൊണ്ട് ഉത്തരവായ

സാഹചര്യത്തിൽ സെക്ഷൻ ഓഫീസർ ഹയർഗ്രേഡ് തസ്തിക ഉൾപ്പെടുത്തിയും പ്രസ്തുത തസ്തികയ്ക്ക് 39500-83000 ശമ്പള സ്കെയിൽ അനുവദിച്ചും മുൻ കോഴിക്കോട് വികസന അതോറിറ്റി ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം ബാധകമാക്കിക്കൊണ്ടുള്ള 21/02/2019 ലെ സ.ഉ.(എം.എസ്) നം.26/2019/തസ്വഭവ ഉത്തരവ് ഭേദഗതി ചെയ്യുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി

**<u>തീരുമാനിക്കേണ്ടവിഷയം</u>**

ധനകാര്യ വകുപ്പ് അംഗീകരിച്ച പ്രകാരം സെക്ഷൻ ഓഫീസർ ഹയർഗ്രേഡ് തസ്തിക ഉൾപ്പെടുത്തിയും പ്രസ്തുത തസ്തികയ്ക്ക് 39500-83000 ശമ്പള സ്കെയിൽ അനുവദിച്ചും മുൻ കോഴിക്കോട് വികസന അതോറിറ്റി ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം ബാധകമാക്കിക്കൊണ്ടുള്ള 21/02/2019 ലെ സ.ഉ.(എം.എസ്) നം.26/2019/തസ്വഭവ ഉത്തരവ് ഭേദഗതി ചെയ്യാമോ ?